## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 850 **02.12.2015 - ൽ മറുപടിക്ക്**

### എസ്.എൽ.എസ്.സി കടിവെള്ള പദ്ധതികൾ

**ചോദ്യം** — **മറുപടി**

**ശ്രീ.എ.കെ.ബാലൻ** — **പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) തരൂർ മണ്ഡലത്തിൽ എസ്.എൽ. എസ്.സി.യുടെ അനുമതി ലഭിച്ച പുതിയ കടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിയുടെയും വിശദാംശം, നിലവിലെ സാഹചര്യം എന്നിവ വ്യക്തമാക്കാമോ; | (എ) തരൂർ മണ്ഡലത്തിൽ എസ്.എൽ.എസ്. എസ്.സി.യുടെ അനുമതി ലഭിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. എൻ.ആർ.ഡി.ഡബ്ല്യു.പി.-2011 - പെരിങ്ങോട്ടു കുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയുടെ, 11/05/2014-ലെ KWA/HO/WN/5/2011-12 നമ്പർ ഉത്തരവ് പ്രകാരം 1800 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 4.5 എം.എൽ.ഡി. ജലശുദ്ധീകരണശാല, 7.50 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, 7.00 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, പ്രധാന പൈപ്പ് ലൈനുകൾ, വിതരണശൃംഖല, പമ്പ് സെറ്റുകൾ എന്നിവ പൂർത്തീകരിച്ച് 24/04/2015-ന് കമ്മീഷൻ ചെയ്തു.<br><br>ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 1100 ലക്ഷം രൂപയ്ക്കുള്ള ഒരു വിശദമായ എഞ്ചിനിയറിംഗ് റിപ്പോർട്ട് അടുത്ത എസ്.എൽ.എസ്.എസ്.സി.യിൽ സമർപ്പിക്കുന്നത് പരിഗണനയിലാണ്.<br><br>2. എൻ.ആർ.ഡി.ഡബ്ല്യു.പി.-2014 - വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി പഞ്ചായത്തുകൾ ക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 08/10/2014-ലെ സ.ഉ.(സാധാ)നം.954/14/ജവിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>എന്നാൽ ഇൻടേക്ക്, ജലശുദ്ധീകരണശാല എന്നിവയ്ക്കുള്ള സ്ഥലം ജലസേചന വകുപ്പിൽ നിന്നും ലഭിക്കാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി നല്കിയിട്ടില്ല. |

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ തരൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.

1. എൻ.ആർ.ഡി.ഡബ്ല്യു.പി. -2011 -പെരിങ്ങോട്ടുകുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.

2. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2012 -13 കുട്ടർകോട് കുടിവെള്ള പദ്ധതി.

3. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2014 -15 കണ്ണമ്പ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

4. എം.പി.എൽ.എ.ഡി. 2014-15 - പെരിങ്ങോട്ടുകുറിശ്ശിയിലെ നടുവത്തുപാറ, ചൂലന്നൂർ കുടിവെള്ള പദ്ധതി.

5. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കുത്തന്നൂർ പഞ്ചായത്തിലെ കോട്ടാംകോട് - പുതാംകോട്ട് കുടിവെള്ള പദ്ധതി.

6. വരൾച്ചാ ദുരിതാശ്വാസ പദ്ധതി എസ്.ഡി.ആർ.എഫ്. - പുതുകോട്ടുള്ള തച്ചനടി കുടിവെള്ള പദ്ധതി.

7. 29 ആർ.ഡബ്ല്യു.എസ്.എസ്. വടക്കാഞ്ചേരി പഞ്ചായത്തിലെ പള്ളറോഡ് പുളിക്കമല പദ്ധതി.

8. ജില്ലാ കളക്ടറുടെ വരൾച്ച ദുരിതാശ്വാസ പദ്ധതി - തരൂർ പഞ്ചായത്തിലെ അത്തിപ്പാറയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

9. വരൾച്ച ദുരിതാശ്വാസ പദ്ധതി - എസ്.ഡി.ആർ.എഫ്. - പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ പരുത്തിപ്പള്ളിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

10. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2012-13 തരൂർ പഞ്ചായത്തിലെ ചമ്മിനി എസ്.സി.കോളനി.

11. എം.പി.എൽ.എ.ഡി. 2012-13 - വടക്കാഞ്ചേരി ടൗണിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ.

12. വരൾച്ചാ ദുരിതാശ്വാസ പദ്ധതി -2012 - തരൂർ പഞ്ചായത്തിലെ ഒരുമാടക്കുന്ന് കുടിവെള്ള

പദ്ധതി.

13. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2011-12 - കാവശ്ശേരി പഞ്ചായത്തിലെ തൊക്കെപ്പൊറ്റ പാടൂർ കുടിവെള്ള പദ്ധതി.

14. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കണ്ണമ്പ്ര പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

15. എം.പി.എൽ.എ.ഡി. 2009-10 - കുത്തനൂർ പഞ്ചായത്തിലെ പടുകത്ത - പാങ്ങോട് കുടിവെള്ള പദ്ധതി.

16. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ മണ്ണിൽക്കുളം കുടിവെള്ളപദ്ധതി.

17. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - മാത്തൂർ പഞ്ചായത്തിലെ പുള്ളിനെല്ലി അഗ്രഹാരം കുടിവെള്ള പദ്ധതി.

18 ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കാവശ്ശേരി പഞ്ചായത്തിലെ കുമ്പാശത്ത -വക്കിൽപ്പടി കുടിവെള്ള പദ്ധതി.

ആലത്തൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല.

സെക്ഷൻ ഓഫീസർ